എസ്.ഐ. (ജനറൽ എക്സിക്യൂട്ടീവ്) തസ്തികകൾ

167 (3799) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008 ജനുവരി മുതൽ 2014 ഒക്ടോബർ മാസം വരെ പോലീസ് വകുപ്പിൽ എത്ര പുതിയ എസ്.ഐ. (ജനറൽ എക്സിക്യൂട്ടീവ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഏതൊക്കെ ഉത്തരവുകൾ പ്രകാരമാണ് ഇവ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ; വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 1:1 അനുപാതത്തിൽ എത്ര നേരിട്ടുള്ള എസ്.ഐ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) 2008 ജനുവരി മുതൽ 2014 ജനുവരി വരെ എത്ര നേരിട്ടുള്ള എസ്.ഐ മാർക്ക് സി.ഐ.-മാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട് ;

(ഡി) കേരള പോലീസിൽ എസ്.ഐ ജനറൽ എക്സിക്യൂട്ടീവിന്റെ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള പോലീസ് സബ് ഇൻസ്പെക്ടർമാർ

168 (3800) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ സാംഗ്ഷൻഡ് സ്ട്രെങ്ത് എത്ര ;

(ബി) ഇതിൽ ഗ്രേഡ് സബ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) കേരള പോലീസിൽ 1940 സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly